# കേരള സർവകലാശാല

നം. പി.ആർ.083/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. പ്രവേശനം

കേരള സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി. അഡ്മിഷന് വേണ്ടിയുള്ള പ്രവേശനപരീക്ഷക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

### ബി.എ പരീക്ഷ കേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ 17-ന് തുടങ്ങുന്ന ബി.എ ആന്വൽ സ്കീം ഒന്നാം വർഷ പരീക്ഷയ്ക്ക് എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥിനികൾ ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമണിൽ പരീക്ഷ എഴുതേണ്ടതാണ്.

### ബി.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 18-ന് നടത്താനിരുന്ന കമ്പയിണ്ട് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് 2008 സ്കീമിലെ എഞ്ചിനീയറിംഗ് മെക്കാനിക്സ് പരീക്ഷ ഏപ്രിൽ 27 ഉച്ചക്ക് 1.30 മുതൽ 4.30 വരെ നടക്കും.

### മേഴ്സി ചാൻസ് പരീക്ഷ

മൂന്ന്, അഞ്ച്, ആറ് സെമസ്റ്റർ സി.ബി.സി.എസ്.എസ് 2010 അഡ്മിഷൻ കുട്ടികൾക്ക് അനുവദിച്ചിട്ടുള്ള മേഴ്സി ചാൻസ് പരീക്ഷകൾക്ക് ഓൺലൈനായി ഏപ്രിൽ 19 മുതൽ അപേക്ഷിക്കാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ ഏപ്രിൽ 26, 125 രൂപ സൂപ്പർ ഫൈനോട് കൂടി ഏപ്രിൽ 27) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസിന് അപേക്ഷിക്കുന്നവർ ഓരോ സെമസ്റ്ററിനും പരീക്ഷാഫീസിന് പുറമേ (ബി.എസ്സി ഹോം സയൻസ്, ബി.എസ്സി ബയോകെമിസ്ട്രി ഒഴികെയുള്ളവർ) മേഴ്സി ചാൻസ് ഫീസായി 2200 രൂപ വീതം അടക്കേണ്ടതാണ്. ബി.എസ്സി ഹോം സയൻസ്, ബി.എസ്സി ബയോകെമിസ്ട്രി പരീക്ഷ എഴുതുന്നവർ മേഴ്സി ചാൻസ് ഫീസായി 5200 രൂപ വീതം അടക്കേണ്ടതാണ്. അഞ്ചാം സെമസ്റ്റർ പരീക്ഷ മെയ് ഒമ്പതിനും മൂന്നാം സെമസ്റ്റർ പരീക്ഷ മെയ് 16-നും ആറാം സെമസ്റ്റർ പരീക്ഷ മെയ് 30 നും ആരംഭിക്കും.

തിരുവനന്തപുരം.
17.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ